(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് വേണ്ടി 2014-15 സാമ്പത്തിക വർഷത്തിൽ 14,90,000 രൂപ അനുവദിച്ചിരുന്നു. ടി തുക പി.ഡബ്ല്യു.ഡി. അധികൃതർക്ക് കൈമാറുകയും ചുറ്റുമതിൽ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രക്രിയകൾക്ക് തടസ്സമായി പ്രസ്തുത സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി തൃശ്ശൂർ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുമായി പ്രിൻസിപ്പാൾ ബന്ധപ്പെടുകയും മരം മുറിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി മരങ്ങൾ മുറിച്ചുമാറ്റിയാൽ ഉടൻതന്നെ ചുറ്റുമതിൽ നിർമ്മാണം ആരംഭിക്കുന്നതാണ്. ആഡിറ്റോറിയം നിർമ്മിക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി.യിൽ നിന്നുമുള്ള 75 ലക്ഷം രൂപയുടെ സ്റ്റൂപാർശ കഴിഞ്ഞ സാമ്പത്തിക വർഷം ലഭ്യമായിരുന്നുവെങ്കിലും ടി ആവശ്യത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി ശുപാർശ പരിഗണിക്കാൻ സാധിച്ചിട്ടില്ല. നടപ്പുസാമ്പത്തിക വർഷത്തിലും ഓഡിറ്റോറിയത്തിനുവേണ്ടി തുകയൊന്നും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല.

കാസർഗോഡ് ഐ.ടി. ഐ.യിലെ ഒഴിവുകൾ

184 (2393) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കാസർഗോഡ് ഐ.ടി.ഐ. യിൽ എത്ര തസ്തികകളാണ് നിലവിൽ ഉള്ളത് ; ഈ തസ്തികകളിൽ എല്ലാം നിയമനം നടന്നിട്ടുണ്ടോയെന്നും ഒഴിവുള്ള തസ്തികകൾ ഉണ്ടോയെന്നും അറിയിക്കുമോ ; എങ്കിൽ പ്രസ്തുത ഒഴിവുകൾ എന്ന് നികത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) കാസർഗോഡ് ഐ. ടി. ഐ. യിൽ സ്ഥിരം പ്രിൻസിപ്പൽ ഉണ്ടോ ; ഇല്ലെങ്കിൽ പുതിയ പ്രിൻസിപ്പലിനെ എപ്പോൾ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാസർഗോഡ് ഐ. ടി. ഐ. യിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകൾ ഉണ്ട് ; ഇവിടെ പുതിയ കോഴ്സ് അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ഐ.ടി.ഐ.യിൽ നിലവിലുള്ള തസ്തിക, ഒഴിവ് എന്നിവ ചുവടെ ചേർക്കുന്നു :

നമ്പർ	തസ്തിക	എണ്ണം	ഒഴിവ്	റിമാർക്സ്
1	സീനിയർ സൂപ്രണ്ട്	1	1	ജൂലൈ 2015-ൽ നികത്താനാകും
2	ജൂനിയർ സൂപ്രണ്ട്	1	--	
3	ക്ലാർക്ക്/സീനിയർ ക്ലാർക്ക്	4	--	
4	എൽ.ഡി. ടൈപ്പിസ്റ്റ്	1	1	അംഗപരിമിതർക്കായി സംവരണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു
5	സ്റ്റോർ അറ്റൻഡർ	1	--	
6	ഫാർമസിസ്റ്റ്	1	--	
7	ഡ്രൈവർ	1	--	
8	ഓഫീസ് അറ്റൻഡന്റ്	2	--	
9	വാച്ച്മാൻ	4	--	
10	ഫുൾ ടൈം സ്വീപ്പർ	3	1	
11	സെലക്ഷൻ ഗ്രേഡ് സ്റ്റോർ കീപ്പർ	1	--	
12	പ്രിൻസിപ്പൽ-I	1	1	പ്രിൻസിപ്പൽ-I തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റ് DPC തയ്യാറാക്കിയിട്ടുണ്ട്. നിയമനം ഉടൻ നടത്തുന്നതാണ്.
13	പ്രിൻസിപ്പൽ-II	1	--	--
14	ഗ്രൂപ്പ് ഇൻസ്ട്രക്ടർ	2	-	--
15	വർക്ക്ഷോപ്പ് അറ്റൻഡർ	3	1	ഒഴിവിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ഐ.ടി.ഐ. യിൽ പുവടെ ചേർക്കുന്ന ട്രേഡുകളിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ നിലവിലുണ്ട് :

1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ
2. ഇലക്ട്രീഷൻ
3. മെക്കാനിക് മോട്ടോർ വെഹിക്കിൾ
4. ഡേറ്റാ എൻട്രി ഓപ്പറേറ്റർ
5. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ
6. സർവ്വേയർ
7. സ്റ്റെനോഗ്രാഫി
8. നെറ്റ് വർക്ക് ടെക്നീഷ്യൻ
9. ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്
10. ഡ്രൈവർ-കം-മെക്കാനിക്
11. ഇൻഫർമേഷൻ ടെക്നോളജി
12. അഡ്വാൻസ്ഡ് മോഡ്യൂൾ
13. മെക്കാനിക് ഡീസൽ

ടി തസ്തികകളിൽ ഇലക്ട്രീഷ്യൻ, മെക്കാനിക് ഡീസൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകൾ ഒഴികെ ബാക്കി ഒന്നിനും സ്ഥിരം ജീവനക്കാരില്ല. നിലവിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ പി.എസ്.സി. നിയമന ശിപാർശ വന്നിട്ടുള്ളതിനാൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ നികത്തുന്നതാണ്. ഡേറ്റാ എൻട്രി ഓപ്പറേറ്റർ, മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ, ഡ്രൈവർ-കം-മെക്കാനിക്, നെറ്റ് വർക്ക് ടെക്നീഷ്യൻ എന്നീ തസ്തികകൾനിലനിൽക്കുന്നുണ്ടെങ്കിലും റീവാംബിംഗിന്റെ ഭാഗമായതിനാൽ ഈ തസ്തികകളിൽ സ്ഥിരം ജൂനിയർ ഇൻസ്ട്രക്ടറുടെ നിയമനം നടന്നിട്ടില്ല. ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ഗസ്റ്റ് ലക്ച്ചറർ നിയമനംവഴിയും നികത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. റാങ്ക് ലിസ്റ്റ് വരുന്ന മുറയ്ക്ക് മറ്റ് ട്രേഡുകളിലെ ഒഴിവുകൾ നികത്തുന്നതാണ്.

(ബി) പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രൊമോഷനായി ഡി.പി.സി. കൂടി യോഗ്യരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ഉടൻ നിയമിക്കുന്നതാണ്.

(സി)

1. ഡ്രാഫ്ട്സ്മാൻ (സിവിൽ)

2. മെക്കാനിക് മോട്ടോർ വെഹിക്കിൾ

3. ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്

4. സ്റ്റെനോഗ്രാഫർ & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്)

5. ഇലക്ട്രീഷ്യൻ

6. സർവ്വേയർ

7. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ

8. മെക്കാനിക് ഡീസൽ

9. ഇൻഫർമേഷൻ ടെക്നോളജി സെക്ടർ

ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ്& ട്രെയിനിംഗ് (ഡി.ജി.ഇ.റ്റി) 2015 ആഗസ്റ്റ് മുതൽ നിർത്തൽ ചെയ്യുന്ന"മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ" എന്ന ട്രേഡിന് പകരമായി " കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയിന്റനൻസ്" ട്രേഡും, ഇൻഫർമേഷൻ ടെക്നോളജി സെക്ടറിന് പകരം താഴെപ്പറയുന്ന ട്രേഡുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:

1. കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയിന്റനൻസ്

2. ഡാറ്റാ ബേസ് സിസ്റ്റം അസിസ്റ്റന്റ്

3. സോഫ്റ്റ് വെയർ ടെസ്റ്റിംഗ് അസിസ്റ്റന്റ്

4. ഇലക്ട്രീഷ്യൻ

LIBRARY ARCHIVES Kerala Legislative Assembly